**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4733** **11-08-2021 - ൽ മറുപടിയ്ക്ക്**

**വാക്സിനുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി വാക്സിനുകൾ കയറ്റുമതി ചെയ്യുന്ന നടപടികൾ തിരുത്തണമെന്നും സംസ്ഥാനത്തിന് ആവശ്യത്തിന് വാക്സിനുകൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് കേന്ദ്രത്തിന് നിവേദനം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | വാക്സിനേഷൻ നൽകാനുള്ള പ്രായപരിധിയിൽ ഉൾപ്പെട്ട എല്ലാവർക്കും എത്രയും വേഗം വാക്സിനേഷൻ നൽകുന്നതിനായി ആവശ്യമായ അളവിൽ വാക്സിൻ ലഭ്യമാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ആവശ്യത്തിന് വാക്സിനുകൾ കേരളത്തിൽ ലഭ്യമാക്കാത്ത സാഹചര്യം പരിഗണിച്ച് കേരളത്തിൽ തന്നെ കോവിഡ് പ്രതിരോധ വാക്സിൻ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | തിരുവനന്തപുരം തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൽ വാക്സിൻ ഉൽപാദനയൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി പ്രോജക്ട് ഡയറക്ടറെ നിയമിക്കുകയും, ആറ് അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് സത്വര നടപടികൾ സ്വീകരിച്ച് വരികയുമാണ്. |
| (സി) | വാക്സിൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; എന്നത്തേക്ക് വാക്സിൻ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | തിരുവനന്തപുരം തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൽ വാക്സിൻ ഉൽപാദനയൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി പ്രോജക്ട് ഡയറക്ടറെ നിയമിക്കുകയും, ആറ് അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ച് സത്വര നടപടികൾ സ്വീകരിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ